**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന എം.ബി.ബി.എസ്. ക്വോട്ടയിൽ പ്രത്യേക സംവരണ സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ B.U.M.S. (ബാച്‌ലർ ഓഫ് യൂനാനി മെഡിസിൻ ആൻഡ് സർജറി) B.S.M.S. (ബാച്‌ലർ ഓഫ് സിദ്ധ മെഡിസിൻ ആൻഡ് സർജറി) പഠനം പൂർത്തിയാക്കിയ ബിരുദധാരികൾക്ക് സംസ്ഥാന എം.ബി.ബി.എസ്. ക്വോട്ടയിൽ 2 വീതം പ്രത്യേക സംവരണ സീറ്റുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | എം.ബി.ബി.എസ്. കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുന്നത് സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്ന പ്രോസ്പെക്ടസ് നിബന്ധനപ്രകാരമാണ്. ഓരോ വർഷവും ചേരുന്ന പ്രോസെക്ടസ് റീവാമ്പ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് പ്രവേശനം സംബന്ധിച്ചുള്ള പ്രോസ്പെക്ടസിലെ മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്. കേരളത്തിലെ B.U.M.S. (ബാച്‌ലർ ഓഫ് യൂനാനി മെഡിസിൻ ആൻഡ് സർജറി) B.S.M.S. (ബാച്‌ലർ ഓഫ് സിദ്ധ മെഡിസിൻ ആൻഡ് സർജറി) പഠനം പൂർത്തിയാക്കിയ ബിരുദധാരികൾക്ക് സംസ്ഥാന എം.ബി.ബി.എസ്. ക്വോട്ടയിൽ അടുത്ത അദ്ധ്യയന വർഷത്തേക്ക് പ്രത്യേക സംവരണ സീറ്റുകൾ അനുവദിക്കുന്നതു സംബന്ധിച്ച് പ്രോസെക്ടസ് റീവാമ്പ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |
| (ബി) | ആയുർവേദവും ഹോമിയോപ്പതിയും പഠിച്ചവർക്ക് നിലവിൽ ഇപ്രകാരം പ്രത്യേക സംവരണ സീറ്റ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, മേൽപ്പറഞ്ഞ ബിരുദധാരികൾക്ക് കൂടി പ്രത്യേക സംവരണ സീറ്റ് അനുവദിച്ചുകൊണ്ട് ആയുഷ് വിഭാഗത്തിൽപ്പെട്ട എല്ലാ ചികിത്സാ രീതികൾക്കും തുല്യ പരിഗണന നൽകുന്ന സമീപനം സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ബി) | മറുപടി (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ